കടലിലെ രക്ഷാപ്രവർത്തനങ്ങൾക്ക് പരിശീലനം ലഭിച്ചവർ

117 (1009) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലിൽ ഫസ്റ്റ് എയ്ഡ് നൽകുക, ബേസിക് നാവിഗേഷൻ മുതലായ കാര്യങ്ങളിൽ 9-9-2002 മുതൽ ഒരു മാസക്കാലത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്ക് പരിശീലനം നൽകുകയുണ്ടായോ ;

(ബി) ഈ പരിശീലനത്തിൽ പങ്കെടുത്ത് വിജയകരമായി കോഴ്സ് പൂർത്തിയാക്കിയവരിൽ നിന്ന് എന്തെല്ലാം സേവനങ്ങളാണ് പ്രതീക്ഷിക്കുന്നത് ;

(സി) മൺസൂൺ കാലത്ത് മത്സ്യബന്ധനത്തിന് പോകുന്നവരുടെ രക്ഷയ്ക്കു വേണ്ടി ഇവരെ നിയമിക്കാനുദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ ഇതുവരെ എത്രപേരെ ഇക്കാര്യത്തിന് നിയമിച്ചു ;

(ഇ) തീരദേശ സേനയിലേയ്ക്കുള്ള നിയമനങ്ങളിൽ ഇവർക്ക് മുൻഗണന നൽകുവാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 9-9-2002 മുതൽ 8-10-2002 വരെ തെരഞ്ഞെടുത്ത 66 മത്സ്യത്തൊഴിലാളികൾക്ക് കടൽ രക്ഷാ പ്രവർത്തനം, ഫസ്റ്റ് എയ്ഡ് തുടങ്ങിയവയിൽ പരിശീലനം നൽകുകയുണ്ടായി.

(ബി) ആവശ്യം വരുന്ന ഘട്ടങ്ങളിൽ കടൽ രക്ഷാപ്രവർത്തനങ്ങൾക്ക് പരിശീലനം ലഭിച്ച വ്യക്തികളുടെ സേവനമാണ് പ്രതീക്ഷിക്കുന്നത്.

(സി) മൺസൂൺ കാലത്ത് കടൽ രക്ഷാപ്രവർത്തനങ്ങൾ വേണ്ടിവരുന്ന ഘട്ടങ്ങളിൽ ആവശ്യാനുസരണം പരിശീലനം ലഭിച്ചവരുടെ സേവനം ദിവസക്കൂലി അടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

(ഡി) 8 പേരെ.

(ഇ) തീരദേശ സേനയിലേയ്ക്കുള്ള നിയമനരീതി തീരുമാനമായിട്ടില്ല.

മത്സ്യഫെഡ് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതി

118 (1010) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കായി മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന ഇൻഷ്വറൻസ് പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly